"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്- പട്ടികജാതി വികസന വകുപ്പിലെ ജീവനക്കാരുടെ സർവ്വീസ് വിവരങ്ങൾ സൂക്ഷിക്കുന്നതിന് ഇലക്ട്രോണിക് ഡാറ്റ ബേസ്(Employee Management System) തയ്യാറാക്കുന്നതിന് നൽകിയ ഭരണാനുമതി പുതുക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ വികസന (ബി )വകുപ്പ്**

സ.ഉ.(സാധാ) നം.529/2024/SCSTD തീയതി,തിരുവനന്തപുരം, 11-07-2024

---

പരാമർശം:- 1. സ.ഉ.(സാധാ)നം.612/2022/SCSTDD തീയതി 15.6.2022.

2. സ.ഉ.(സാധാ)നം.1371/2023/SCSTDD തീയതി 1.12.2023.

3. പട്ടികജാതി വികസനവകുപ്പ് ഡയറക്ടറുടെ 12.5.2024, 29.6.2024 തീയതികളിലെ SCDD/3058/2022-B2(ESTT B) നമ്പർ കത്തുകൾ.

**ഉത്തരവ്**

പട്ടികജാതി വികസന വകുപ്പിലെ ജീവനക്കാരുടെ സർവ്വീസ് വിവരങ്ങൾ സൂക്ഷിക്കുന്നതിന് ഇലക്ട്രോണിക് ഡാറ്റ ബേസ് (Incumbency Register), തിരുവനന്തപുരം മണ്ണന്തല അംബേദ്കർ ഭവനിൽ പ്രവർത്തിക്കുന്ന Startup Dreams ന്റെ കീഴിലുള്ള Linuse Technology Solutions Pvt. Ltd എന്ന സ്ഥാപനം മുഖേന തയ്യാറാക്കുന്നതിന് പരാമർശം (1) പ്രകാരം 2,95,000/- (രണ്ട് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി സ്ഥാപനവുമായി പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ കരാറിൽ ഏർപ്പെടുകയും സോഫ്റ്റ് വെയറിന്റെ ഡെമോ പ്രെസെന്റേഷൻ സ്ഥാപനം നടത്തുകയും ചെയ്തിരുന്നെങ്കിലും പ്രസ്തുത സോഫ്റ്റ് വെയർ 2022-23 സാമ്പത്തിക വർഷം പൂർത്തീകരിക്കുന്നതിന് സാധിക്കാത്തതിനാൽ പരാമർശം(1) ഉത്തരവ് റീവാലിഡേറ്റ് ചെയ്യണമെന്ന് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (2) പ്രകാരം സർക്കാർ ഭരണാനുമതി ഉത്തരവ് പുതുക്കി നൽകുകയുണ്ടായി.

2. സ്ഥാപനവുമായുള്ള കരാർ പ്രകാരം ഒന്നാം ഗഡു 20% തുകയും രണ്ടാംഗഡു 20% തുകയും Linuse Technology Solutions-ന് അനുവദിച്ചിട്ടുണ്ടെന്നും, Linuse Technology Solutions പ്രസ്തുത സോഫ്റ്റ് വെയറിന്റെ പ്രോട്ടോടൈപ്പ് പ്രസന്റേഷൻ 21/02/2024-ന് നടത്തുകയും അതിൽ ഭേദഗതികൾ വരുത്തുന്നതിനു നിർദേശിച്ചത് പ്രകാരം ഭേദഗതികൾ വരുത്തി സോഫ്റ്റ് വെയർ പൂർത്തീകരിച്ച് ടെസ്റ്റിംഗ് നടത്തുന്നതിനായി Domain Name, Hosting space എന്നിവ അനുവദിക്കണമെന്ന് അറിയിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ Domain Name, Hosting space എന്നിവ ലഭ്യമാക്കുന്നതിനായി കേരള സ്റ്റേറ്റ് ഐ ടി മിഷൻ ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അത് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത സോഫ്റ്റ് വെയർ ടെസ്റ്റിംഗ് നടത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതാണെന്നും ടി സാഹചര്യത്തിൽ പരാമർശം (2) ലെ ഭരണാനുമതി ഉത്തരവ് പുതുക്കി നൽകണമെന്നും പരാമർശം (3) പ്രകാരം പട്ടികജാതി

വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട് .

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. പട്ടികജാതി വികസന വകുപ്പിലെ ജീവനക്കാരുടെ സർവ്വീസ് വിവരങ്ങൾ സൂക്ഷിക്കുന്നതിന് ഇലക്ട്രോണിക് ഡാറ്റ ബേസ് (Employee Management System(Incumbency Register)) Linuse Technology Solutions Pvt. Ltd എന്ന സ്ഥാപനം മുഖേന തയ്യാറാക്കുന്നതിന് പരാമർശം (2) പ്രകാരം പുതുക്കി നൽകിയ ഭരണാനുമതി, നടപ്പ് സാമ്പത്തിക വർഷം തന്നെ പ്രോജക്ട് പൂർത്തിയാക്കിയിരിക്കണം എന്ന നിബന്ധനയോടെ, ആകെ പദ്ധതി തുക പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയ തുകയിൽ പരിമിതപ്പെടുത്തി, വീണ്ടും പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പദ്ധതി പൂർത്തീകരിക്കുന്നതിന് ആവശ്യമായ ബാക്കി തുക നടപ്പ് സാമ്പത്തിക വർഷത്തെ 2225-01-001-94-34(P) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനും അനുമതി നൽകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മേരി ജോ വി,

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് , തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ( എ & ഇ / ജി & എസ്.എസ്.എ),കേരള, തിരുവനന്തപുരം

ചീഫ് , വികേന്ദ്രീകൃത ആസൂത്രണ വിഭാഗം , പ്ലാനിംഗ് ബോർഡ് ,തിരുവനന്തപുരം

ധനകാര്യ വകുപ്പ്

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sreelekha G

Date: 11-07-2021 11:36:46

പകർപ്പ് :- അഡീഷനൽ ചീഫ് സെക്രട്ടറിയുടെ പി. എ. ക്ക്